മറുകളാണ് വച്ചിട്ടുള്ളത്. 500 എണ്ണംകൂടി ഇപ്പോൾ വയ്ക്കാൻ പോകുകയാണ്. മൊത്തം 20,000 ട്രാൻസ്ഫോർമറുകളാണ്. കേരളം ഉണ്ടായതിനുശേഷം ആകെ 40,000 ട്രാൻസ്ഫോർമറുകളെ ഇവിടെ ഉണ്ടായിട്ടുള്ളു. അതിന്റെ നേരെ പകുതി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് സ്ഥാപിച്ചിട്ടുള്ളത്. അങ്ങയുടെ മണ്ഡലത്തിൽ തന്നെ വോൾട്ടേജ് പ്രശ്നം എത്ര രൂക്ഷമായിരുന്നു. ഇപ്പോൾ നല്ല വെളിച്ചമില്ലേ? ഇനി ഒരു പ്രശ്നവുമുണ്ടാകില്ല. ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ മണ്ഡലത്തിലും വോൾട്ടേജ് പ്രശ്നം ഉണ്ടാകില്ല.

(17) കള്ളുചെത്ത് വ്യവസായം

ശ്രീ. വി. എസ്. സുനിൽ കുമാർ: മലപ്പുറം ജില്ലയിൽ ഉണ്ടായ നിർഭാഗ്യകരമായ മദ്യ ദുരന്തത്തിനുശേഷം തൃശ്ശൂർ ജില്ലയിലെ കള്ളുഷാപ്പുകളെല്ലാം അടച്ചുപൂട്ടുകയുണ്ടായി. പിന്നീട് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം കമ്മീഷണറുമായി നടത്തിയ ചർച്ചയെത്തുടർന്ന് ഷാപ്പ് തുറന്നെങ്കിലും ഒരാഴ്ച മാത്രമാണ് തുറന്ന് പ്രവർത്തിച്ചത്. അതിനുശേഷം വീണ്ടും കഴിഞ്ഞ മുന്നര മാസമായി ഷാപ്പുകൾ അടഞ്ഞുകിടക്കുകയാണ്. ഫലത്തിൽ മുന്നര മാസമായി തൃശ്ശൂർ ജില്ലയിലെ കള്ളുചെത്ത് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന 1800 ഓളം വരുന്ന തൊഴിലാളികൾ ജോലി നഷ്ടപ്പെട്ട് പട്ടിണിയിലായിരിക്കുകയാണ്. ഇവിടെ ശുദ്ധമായ കള്ള് വിൽക്കാനും കള്ളക്കള്ള് വിൽക്കാതിരിക്കാനും വേണ്ടിയാണ് ഗവൺമെന്റ് ഇങ്ങനെ ശക്തമായ നടപടികൾ സ്വീകരിച്ചത്. അതിനെ ഞങ്ങളെല്ലാം സ്വാഗതം ചെയ്യുന്നു. പക്ഷെ തൃശ്ശൂർ താലൂക്കിൽ കള്ളുചെത്ത് വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ചെത്ത് തൊഴിലാളികൾ ആരും കള്ളക്കള്ള് ഉൽപാദിപ്പിക്കുന്നവരല്ല. അവർ ശുദ്ധമായ കള്ള് ഉൽപ്പാദിപ്പിക്കുന്ന, പാരമ്പര്യമായി തൊഴിലെടുത്തുകൊണ്ടിരിക്കുന്ന, വേറെ ഒരു തൊഴിലും അറിയാത്ത പാവപ്പെട്ട തൊഴിലാളികളാണ്. കഴിഞ്ഞ മുന്നര മാസമായി 94 ഷാപ്പുകളിലായി 1800-ഓളം വരുന്ന തൊഴിലാളികൾ ജോലിയില്ലാതെ പട്ടിണിയിലേക്ക് പോയിട്ടും ഒരു നടപടിയും ഉണ്ടാകുന്നില്ല. ഒരു മാസമായി അനധികൃതമായി അടച്ചുപൂട്ടിയിരിക്കുന്ന ഷാപ്പ് ഗവൺമെന്റ് ലൈസൻസ് റദ്ദ് ചെയ്തുകൊണ്ട് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റിനെ ഏൽപ്പിക്കാൻ തീരുമാനമുണ്ടായി. ഡിപ്പാർട്ടുമെന്റ് മാനേജ്മെന്റിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടും ഇതുവരെ ഷാപ്പ് തുറക്കാൻ ആവശ്യമായ നടപടിയിലേയ്ക്ക് വന്നിട്ടില്ല. അതുകൊണ്ട് ആ മേഖലയിലെ തൊഴിലാളികൾ വളരെ അപകടകരമായ സ്ഥിതിയിലേക്ക് പോകുകയാണ്. ഇപ്പോൾ എക്സൈസ് വകുപ്പുമന്ത്രിക്ക് സുഖമില്ലാത്തതു കാരണം സഭയത്തില്ല, അദ്ദേഹത്തിന്റെ ചുമതലക്കാരനായ മന്ത്രിയും ഇവിടെ ഇപ്പോൾ ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടിയന്തരമായി എക്സൈസ് കമ്മീഷണറോ അല്ലെങ്കിൽ മന്ത്രിയോ ബന്ധപ്പെട്ട ആളുകളെ വിളിച്ചു കൂട്ടി എത്രയും പെട്ടന്ന് ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കണം. ശുദ്ധമായ കള്ള് ഉൽപ്പാദിപ്പിക്കുന്ന പാവപ്പെട്ട തൊഴിലാളികളെ ഉപദ്രവിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടല്ല ഈ പ്രശനം പരിഹരിക്കേണ്ടത്. മറിച്ച് അതിന്റെ യഥാർത്ഥ പ്രതികൾ ആരെന്നുവച്ചാൽ അവർക്കെതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുകയാണ് വേണ്ടത്. ഈ പാവപ്പെട്ട തൊഴിലാളികളെ ഇങ്ങനെ കുരുതി കൊടുത്തുകൊണ്ട് ഈ പ്രതിസന്ധി തുടരുന്നത് ശരിയല്ല. അടിയന്തരമായി ഒരു യോഗം വിളിച്ചുകൂട്ടി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : മലപ്പുറം മദ്യദുരന്തത്തെത്തുടർന്ന് സംസ്ഥാനത്തെ പല ജില്ലകളിലേയും കള്ളുഷാപ്പുകൾ സ്വമേധയാ അടച്ചു പൂട്ടിയതിനാൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായി. എന്നാൽ സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ ട്രേഡ് യൂണിയൻ നേതാക്കളുടേയും ജില്ലാ തലങ്ങളിൽ എക്സൈസ് കമ്മീഷണർ വിളിച്ചുകൂട്ടിയ ലൈസൻസികളുടേയും ട്രേഡ് യൂണിയൻ നേതാക്കളുടേയും എക്സൈസ് ഉദ്യോഗസ്ഥരുടേയും ചർച്ചകളുടെ അടിസ്ഥാനത്തിൽ മിക്ക ജില്ലകളിലേയും ഭൂരിപക്ഷം കള്ളുഷാപ്പുകളും ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ചർച്ചകൾക്കുശേഷവും 30 ദിവസത്തിൽ കൂടുതൽ അടഞ്ഞുകിടക്കുന്ന ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്ത് പുനർ വിൽപ്പന നടത്തിവരികയാണ്. തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായി, പുനർവിൽപ്പന നടക്കാത്ത കള്ള് ഷാപ്പുകൾ തൊഴിലാളി കമ്മിറ്റിക്ക് നാമമാത്രമായ 500 രൂപവീതം ലൈസൻസ് ഫീസ് വാങ്ങി നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. തൊഴിലാളി കമ്മിറ്റികൾ ഏറ്റെടുത്ത് നടത്തുന്ന ഷാപ്പുകളുടെ ട്രീ ടാക്സ്, ഒരു മാസത്തെ മുൻകൂർ വേതനം, മൂന്ന് മാസത്തെ ക്ഷേമനിധി വിഹിതം എന്നിവ ഒഴിവാക്കിയിട്ടുണ്ട്. തൃശൂർ ജില്ലയിൽ മൊത്തമുള്ള 723 ഷാപ്പുകളിൽ 505 ഷാപ്പുകൾ ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. തൃശൂർ താലൂക്കിലെ മൊത്തമുള്ള 148 ഷാപ്പുകളിൽ 50 എണ്ണമേ പ്രവർത്തിക്കുന്നുള്ളൂ. 17-12-2010-ന് ചേർപ്പ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവിളിച്ചു കൂട്ടിയ ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിലെ തീരുമാനപ്രകാരം 30 ദിവസത്തിനകം ഷാപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നില്ലെങ്കിൽ ലൈസൻസ് റദ്ദ് ചെയ്ത് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് വ്യവസ്ഥയിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതാണ്. നേരത്തെ 3 പ്രാവശ്യം തൃശൂർ ജില്ലയിലെ ഈ പ്രശ്നം പരിഹരിക്കുന്നതിന് എക്സൈസ് കമ്മീഷണർ ജില്ലാതലത്തിൽ യോഗം വിളിച്ചുകൂട്ടിയിരുന്നു. 30 ദിവസത്തിനകം ഷാപ്പുകൾ തുറന്ന് പ്രവർത്തിക്കാതിരുന്ന ചേർപ്പ്, തൃശൂർ, അന്തിക്കാട് എന്നീ റേഞ്ചുകളിൽപ്പെട്ട മൊത്തം 90 ഷാപ്പുകളുടെ ലൈസൻസ് 28-12-2010-ലെ 31598/10-ാം നമ്പർ ഉത്തരവുപ്രകാരം റദ്ദ്ചെയ്തു. ഈ ഷാപ്പുകൾ ഡിപ്പാർട്ടുമെന്റ് മാനേജ്മെന്റ് വ്യവസ്ഥയിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കാനും തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാനും വകുപ്പ് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly